(ജെ) നിലവിലുള്ള 82 പേരിൽ 32 പേർ നിശ്ചിത ശതമാനത്തിൽ കൂടുതലാണ്. പി.എസ്.സി. മുഖേന നിയമിക്കപ്പെട്ട റെയിഞ്ചർമാർ ഒരു വർഷത്തെ പരിശീലനം കഴിഞ്ഞ് തിരികെ പ്രവേശിക്കുന്നതുവരെ മാത്രമാണ് ഈ താൽക്കാലിക വർദ്ധനവ് ഉണ്ടാവുക. റെയിഞ്ചർമാർ പരിശീലനം കഴിഞ്ഞ് സർവ്വീസിൽ പ്രവേശിക്കുമ്പോൾ ഇവരെ തരംതാഴ്ത്തുകയും ചെയ്യും.

പാറശ്ശാലയിൽ റീജിയണൽ വർക്ക്ഷോപ്പ്

85(1908) ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാലയിൽ റീജിയണൽ വർക്ക്ഷോപ്പ് പണിയുന്നതിന് 1984-ൽ 8 ഏക്കർ 50 സെന്റ് സ്ഥലം പൊന്നും വിലയ്ക്ക് എടുത്ത് പണി ആരംഭിച്ചിരുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വർക്ക്ഷോപ്പ് ആരംഭിക്കുന്നതിനും ആവശ്യമായ പണികൾ ചെയ്യുന്നതിനും ഈ ഭൂമി സംരക്ഷിക്കുന്നതിനും വേണ്ട സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വർക്ക്ഷോപ്പും മറ്റ് അനുബന്ധ പണികളും ചെയ്യുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ത്രിതല പഞ്ചായത്തുകളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഈ ജോലികൾ എത്രയുംവേഗം പൂർത്തീകരിക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണ്.

കെ.ടി.ഡി.എഫ്.സി.യുടെ പണം ഇടപാടുകൾ

86(1909)ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെങ്കിലും പ്രത്യേക പദ്ധതിക്കുവേണ്ടി സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളുടെയും കേന്ദ്ര സർക്കാരിന്റെയും പണം ഇടപാട് നടത്തുവാൻ കെ.ടി.ഡി.എഫ്.സി.യെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ തീരുമാനത്തിന് ഗതാഗത വകുപ്പുമന്ത്രിയുടെ അനുമതിയോ അറിവോ ഉണ്ടായിരുന്നുവോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾ സർക്കാർ എന്ത് നടപടി സ്വീകരിച്ചു;

(ഡി) കെ.ടി.ഡി.എഫ്.സി. ഡയറക്ടർ ബോർഡ് പ്രസ്തുത പണമിടപാട് തീരുമാനത്തിന് അംഗീകാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നുകൂടിയ യോഗമാണ് അംഗീകാരം നൽകിയത്;

(ഇ) സർക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള ഏതെങ്കിലും ഏജൻസിക്ക് പണം വിതരണം ചെയ്യുവാനുള്ള ഷെഡ്യൂളിൽ മൊബിലൈസേഷൻ അഡ്വാൻസ് നൽകുവാനുള്ള നിർദ്ദേശം ഉണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പ്രസ്തുത ഏജൻസിയിൽനിന്നും ഏതെങ്കിലും തരത്തിലുള്ള ഈട് വാങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തിന്; എന്തായിട്ടാണ് ഈട് തന്നിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചുമതലപ്പെടുത്തിയിരുന്നു.

(ബി) ഉണ്ടായിരുന്നു.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഉണ്ട്. 30.11.99-ൽ

(ഇ) ഉണ്ട്.

(എഫ്) ഉണ്ട്. എഗ്രിമെന്റിലെ വ്യവസ്ഥ പ്രകാരം ബാങ്ക് ഗ്യാരണ്ടി ഈടാക്കിയിട്ടുണ്ട്.

യാത്രക്കാരുടെ സൗകര്യം മുൻനിർത്തി കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസ് കാര്യക്ഷമമാക്കാൻ നടപടി

87 (1910) ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് . വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യാത്രക്കാരുടെ സൗകര്യം മുൻനിറുത്തി കെ. എസ്.ആർ.ടി.സി. ബസ്സ് സർവ്വീസ് കാര്യക്ഷമമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) കെ.എസ്.ആർ.ടി.സി. ബസ്സുകൾ വൃത്തിയാക്കി സർവ്വീസ് നടത്തുന്നതിന് നിലവിലുള്ള സംവിധാനം എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ഭൂരിപക്ഷവും കഴുകി വൃത്തിയാക്കാതെയാണ് സർവ്വീസ് നടത്തുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ സ്ഥലങ്ങൾ കാണിക്കുന്നതിനുള്ള ബോർഡുകൾ അവ്യക്തവും ആവശ്യത്തിന് തെളിച്ചമില്ലാത്തതിനാൽ രാത്രികാലങ്ങളിൽ വായിച്ചു മനസ്സിലാക്കാൻ ബുദ്ധിമുട്ട് ഉണ്ടാകുന്നു എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ബസ്സുകളുടെ ബോർഡുകൾ ഭംഗിയായും വ്യക്തമായും പ്രദർശിപ്പിക്കുന്നതിനും രാത്രികാലങ്ങളിൽ വായിച്ചു മനസ്സിലാക്കുന്നതിനും ഉള്ള സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly